പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2098 15.07.2011-ൽ മറുപടിക്ക്

## സ്കൂളുകളിലെ കായികവിദ്യാഭ്യാസ പരിപാടി കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ.പി. കെ. അബ്ദു റബ്ബ്<br>(പൊതു വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) കായിക വിദ്യാഭ്യാസം സംസ്ഥാനത്തെ സ്കൂളുകളിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; | എ) & ബി) | സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യ കായികവിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് തത്വത്തിൽ അംഗീകരിച്ചുകൊണ്ട് 11-11-2009-ൽ സ.ഉ (കൈയ്യെഴുത്ത്)നം.217/09/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) കായിക വിദ്യാഭ്യാസം കുട്ടികളിലെത്തിക്കാൻ എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപകരെ നിയമിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് എങ്ങനെയാണ് തരണം ചെയ്യാൻ ഉദ്ദേശിക്കുന്നത് ; | | |
| സി) 250 കുട്ടികളിലധികമുള്ള സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കാൻ ധാരണയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | സി) | ഇല്ല. |
| ഡി) കൊല്ലം ജില്ലയിൽ നിലവിലുള്ള ഫിസിക്കൽ എഡ്യൂക്കേഷൻ എച്ച്. എസ്. എ തസ്തികയിലെ റാങ്ക് ലിസ്റ്റിൽ നിന്നും അദ്ധ്യാപകരെ അടിയന്തിരമായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | ഡി) | ഒഴിവുകൾക്കു വിധേയമായി നിയമനം നൽകി വരുന്നു. |
| ഇ) റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിരുന്നിട്ടും പല സ്കൂളുകളിലും കായികാദ്ധ്യാപകരെ താൽക്കാലികമായി നിയമിക്കുന്നത് ഒഴിവാക്കുമോ ; | ഇ) | റാങ്ക് ലിസ്റ്റ് നിലവിലുള്ള ജില്ലകളിൽ അനുവദിക്കപ്പെട്ട തസ്തികയിൽ ഉള്ള ഒഴിവുകളിലേയ്ക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകി വരുന്നു. |
| എഫ്) കായിക വിദ്യാഭ്യാസ പരിപാടി കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | എഫ്) | സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യ കായികവിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് തത്വത്തിൽ അംഗീകരിച്ചുകൊണ്ട് 11-11-2009-ൽ സ.ഉ (കൈയ്യെഴുത്ത്)നം. 217/09/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ